**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3891 **24.08.2017**-ലെ മറുപടിക്ക്

<u>പട്ടികജാതി സങ്കേതങ്ങളുടെ സമഗ്രവികസനത്തിനുള്ള കർമ്മ പദ്ധതികൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ഐ.സി.ബാലകൃഷ്ണൻ<br>ശ്രീ.എ.പി. അനിൽ കുമാർ<br>ശ്രീ. കെ.മുരളീധരൻ<br>ശ്രീ.വി.പി.സജീന്ദ്രൻ** | | **ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ പട്ടികജാതി സങ്കേതങ്ങളുടെ സമഗ്ര വികസനത്തിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | (എ) | പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് അംബേദ്കർ ഗ്രാമ വികസന പരിപാടി നടപ്പാക്കി വരുന്നു. സ്വയംപര്യാപ്ത ഗ്രാമ വികസന പദ്ധതി, ഗാന്ധി ഗ്രാമം പദ്ധതി എന്നീ പദ്ധതികളുടെ സ്പിൽ ഓവർ പ്രവൃത്തികളും നടപ്പിലാക്കി വരുന്നു. പദ്ധതികൾക്കാവശ്യമായ തുക കോർപ്പസ് ഫണ്ടിൽ നിന്നുമാണ് ചെലവഴിക്കുന്നത്. കൂടാതെ ജില്ലകൾക്ക് അനുവദിക്കുന്ന ⅓ കോർപ്പസ് ഫണ്ട് വിനിയോഗിച്ചും സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പ് അംഗീകരിക്കുന്ന പദ്ധതി പ്രകാരവും കുടിവെള്ളം, ടോയ്‌ലറ്റ് നിർമ്മാണം, വേസ്റ്റ് മാനേജ്മെന്റ്, വൈദ്യുതി, റോഡുകൾ, ശ്മശാനങ്ങൾ മുതലായ പ്രോജക്റ്റുകളും നടപ്പിലാക്കി വരുന്നു. |
| (ബി) | എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഈ പദ്ധതി പ്രകാരം ഇവർക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ; | (ബി) | കോളനികളിൽ നടപ്പാക്കാവുന്ന അടിസ്ഥാന സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു.<br>1. ഇന്റേണൽ റോഡ്/ഫുട്പാത്ത്<br>2. ആശയ വിനിമയ സൗകര്യം<br>3. കുടിവെള്ള സൗകര്യങ്ങൾ<br>4. ഡ്രെയിനേജ് സൗകര്യങ്ങൾ<br>5. വൈദ്യുതീകരണം/വീടുകളിലേക്കുള്ള സോളാർ വൈദ്യുതീകരണം<br>6. സോളാർ തെരുവു വിളക്ക്<br>7. സാനിറ്റേഷൻ<br>8. ഭവന പുനരുദ്ധാരണം |

| | | | |
|---|---|---|---|
| | | | 9. മാലിന്യ നിർമ്മാർജനം<br>10. പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ/കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമാണെങ്കിൽ)<br>11. സംരക്ഷണ ഭിത്തി നിർമ്മാണം<br>12. ഇറിഗേഷൻ<br>13. അടുക്കളത്തോട്ടം<br>14. വരുമാനദായകപദ്ധതികളായ മൃഗസംരക്ഷണം/ഹോർട്ടികൾച്ചർ വീവിംഗ്/കരകൗശലം മുതലായവ (വനിതാ സ്വയം തൊഴിൽ പദ്ധതി) |
| (സി) | ഈ ഗവൺമെന്റിന്റെ കാലത്ത് എത്ര സങ്കേതങ്ങളെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ; | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പാക്കിവരുന്ന അംബേദ്കർ ഗ്രാമവികസന പരിപാടി പ്രകാരം നാളിതുവരെ 196 പട്ടികജാതി കോളനികളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി 98 കോടി രൂപ ആദ്യഗഡുവായി അനുവദിച്ച നൽകിയിട്ടുണ്ട്. |
| (ഡി) | പദ്ധതിയിൽ ഉൾപ്പെടുത്തിയ സങ്കേതങ്ങളിൽ എന്തെല്ലാം സൗകര്യങ്ങളാണ് നടപ്പിലാക്കിയത്; വിവരിക്കുമോ? | (ഡി) | ഇന്റേണൽ റോഡ്/ഫുട്പാത്ത്, കുടിവെള്ള സൗകര്യങ്ങൾ, ഡ്രെയിനേജ് സൗകര്യങ്ങൾ വൈദ്യുതീകരണം, തെരുവുവിളക്ക്, സാനിറ്റേഷൻ, ഭവന പുനരുദ്ധാരണം മാലിന്യ നിർമ്മാജ്ജനം, പൊതുവായ സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, സംരക്ഷണഭിത്തി നിർമ്മാണം, ഇറിഗേഷൻ എന്നീ സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയ സങ്കേതങ്ങളിൽ നടപ്പിലാക്കുന്നത്. |

സെക്ഷൻ ഓഫീസർ